LIBRARY ARCHIVES Kerala Legislative Assembly

വനം വകുപ്പ് നടപ്പാക്കുന്ന വികസന പ്രവർത്തനങ്ങൾ

258 (264) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പ് നടപ്പാക്കുന്ന വികസന പ്രവർത്തനങ്ങളിൽ സുതാര്യത ഇല്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വനം വകുപ്പ് മുഖേന വിവിധ വികസന പ്രവർത്തനങ്ങൾ നടപ്പാക്കുമ്പോൾ, ജനപ്രതിനിധികളുടെയും, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടേയും സഹകരണത്തോടെ സുതാര്യത ഉറപ്പു വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) വനം വകുപ്പിന്റെ വികസന പ്രവർത്തനങ്ങൾ പ്രാദേശിക തലത്തിൽ രൂപപ്പെടുത്തുമ്പോൾ ജനപ്രതിനിധികളുടേയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികളുടെയും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും കണക്കിലെടുത്താണ് രൂപപ്പെടുത്തുക. വികസന പ്രവർത്തനങ്ങൾ മിക്കവയും പ്രാദേശികവാസികളുടെ പങ്കാളിത്തമുള്ള വനസംരക്ഷണ സമിതികൾ, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവയാണ് നടപ്പാക്കുന്നത്. എല്ലാതലത്തിലും സുതാര്യത ഉറപ്പ് വരുത്തുന്നതിന് വനം വകുപ്പ് പ്രാദേശിക തലത്തിൽ നടപടി സ്വീകരിച്ചിട്ടുള്ളതാണ്.

തടി മുറിക്കുന്നതിനുള്ള ലേല അവകാശത്തിനും തടികളുടെ ഓൺലൈൻ ലേലത്തിനും സംവിധാനം

259 (265) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനംവകുപ്പിനു കീഴിലുള്ള വിവിധ റേഞ്ചുകളിൽ നിന്നും തടി മുറിക്കുന്നതിനുള്ള ലേല അവകാശത്തിനും ഡിപ്പോകളിലും റെയിഞ്ചുകളിലും അട്ടിവച്ചിട്ടുള്ള തടികളുടെ ഓക്ഷനും ഓൺലൈൻ സംവിധാനം എന്നുമുതലാണ് ഏർപ്പെടുത്തിയത് ; തടി മുറിക്കുന്നതിന് ഇ ടെൻഡറും, തടി ലേലത്തിന് ഇ ഓക്ഷനും ഏർപ്പെടുത്തുവാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ ; ആരുടെ നിർദ്ദേശപ്രകാരമാണ് ഈ രണ്ടു മേഖലയിലും ഇ-ടെൻഡറും, ഇ ഓക്ഷനും ഏർപ്പെടുത്തിയിട്ടുള്ളത് ;